പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2488 — 05.11. 2019 ൽ മറുപടിക്ക്

**വൈദ്യുത മേഖലയിലെ സ്വകാര്യവൽകരണം**

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)വൈദ്യുതി വിതരണത്തിനായി സ്വകാര്യ കമ്പനികൾക്ക് ലൈസൻസ് നൽകുന്ന പുതിയ വൈദ്യുതി നിയമം കൊണ്ടുവരുമെന്ന കേന്ദ്ര ഊർജ്ജ സഹമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒക്ടോബർ മാസം ഗുജറാത്തിൽ വച്ച് നടന്ന ഊർജ്ജ വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ വിതരണ രംഗത്ത് സേവന-വില്പന അധികാരങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. വൈദ്യുതി മേഖലയിലെ സ്വകാര്യ പങ്കാളിത്തത്തോടുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. |
| (ബി)ഈ നിയമം പ്രാബല്യത്തിൽ വന്നാൽ കേരളത്തിലെ വൈദ്യുത മേഖലയെ എങ്ങനെ ബാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | (ബി) കേന്ദ്ര സർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമം പ്രാവർത്തികമാക്കിയാൽ അത് KSEB Ltd പോലുള്ള സർക്കാർ സംരംഭങ്ങളെ പ്രതിസന്ധിയിൽ ആക്കാനിടയുണ്ട്. വൻകിട ഉപഭോക്താക്കൾ ഓപ്പൺ ആക്സസ് വഴി പുറത്തുനിന്നു വൈദ്യുതി കൊണ്ടുവരുമ്പോൾ വീലിംഗ് ചാർജ്ജ് മാത്രം ഈടാക്കിയാൽമതി എന്ന വ്യവസ്ഥ നിലവിലുള്ള ക്രോസ് സബ്സിഡി സമ്പ്രദായം അതിവേഗം ഇല്ലാതാക്കുന്നതിനും KSEB Ltdനെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുന്നതിനും സാധ്യതയുണ്ട്. വൈദ്യുത വിതരണ മേഖലയെത്തന്നെ വീണ്ടും മൂന്നായി വിഭജിക്കുന്നതിനും തദ്വാരാ സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം KSEB Ltdന്റെ ചുമതലയിലുള്ള പദ്ധതികളിൽനിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭ സാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനും ഇടയാകാം. ക്രോസ് സബ്സിഡി ഒഴിവാക്കി, പകരം സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ ഉപഭോക്താവിന് നേരിട്ട് നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിനു വൈദ്യുതി അപ്രാപ്യമാക്കാൻ കാരണമാകും. എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യത്തിനായി കരാർ ചെയ്തിട്ടുള്ള വൈദ്യുതി സമീപ ഭാവിയിൽതന്നെ ഉപയോഗിക്കാൻ ആകാത്ത സ്ഥിതിയിലേക്ക് KSEB Ltdനെ കൊണ്ടെത്തിക്കും. അങ്ങനെയായാൽ കരാർ പ്രകാരമുള്ള സ്ഥിരവിലയുടെ ബാധ്യത സ്ഥാപനത്തിന് താങ്ങാനാകില്ല. വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ, ഊഹക്കച്ചവടത്തിനു ഇടയാക്കുമെന്നതും സ്ഥാപനത്തിന്റെ നിലനില്പിനെ ഹനിച്ചേക്കാം. |

സെക്ഷൻ ഓഫീസർ